പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
**(2025-2026)**

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2025-2026)

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**
**(Presented on 3rd March 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം

# (EDUCATION)

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്

(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

292/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധന - സാംസ്കാരിക - യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. കെ. എം. സച്ചിൻദേവ്
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
ശ്രീ. ടി. ഐ. മധുസൂദനൻ
ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 17, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം) XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 26639.1612 കോടി രൂപ

ചാർജ്ജ് ചെയ്തത് : 30 ലക്ഷം രൂപ

### പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-99 — ലോവർപ്രൈമറി സ്കൂളുകൾ

വിഹിതം -1713.4213 കോടി രൂപ (പദ്ധതിയേതരം)

1. സർക്കാർ ലോവർപ്രൈമറി സ്കൂളുകളിലെ അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ 2023 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് പ്രസ്തുത ഇനത്തിൽ അധികമായി 1.31 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-98 — അപ്പർപ്രൈമറി സ്കൂളുകൾ

വിഹിതം -1421.0502 കോടി രൂപ (പദ്ധതിയേതരം)

2. സർക്കാർ അപ്പർപ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2023 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക വിതരണം ചെയ്യുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-75—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തര സഹായം

വിഹിതം -2 കോടി രൂപ (പദ്ധതി)

3. അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കു വേണ്ടി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ്

വിഹിതം -5057.7213 കോടി രൂപ (പദ്ധതിയേതരം)

4. എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2022 ഒക്ടോബർ മുതലുള്ള ശംബള അലവൻസുകളുടെയും മറ്റാനുകൂല്യങ്ങളുടെയും കുടിശ്ശിക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 5.8274 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-95(01)—ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

വിഹിതം -80.34 കോടി രൂപ (പദ്ധതി)

5. 2022-23 വർഷം 5 മുതൽ 8 വരെയുള്ള കുട്ടികൾക്കും 2023-24 വർഷം 6 മുതൽ 8 വരെയുള്ള കുട്ടികൾക്കും യൂണിഫോം അലവൻസ് നൽകുന്നതിന് ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 177.3133 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-93—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം

02-4—വേതനം - കൺസോളിഡേറ്റഡ് പേ

വിഹിതം -60 കോടി രൂപ (പദ്ധതിയേതരം)

6. പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും ഹൈക്കോടതിയിലെ വിവിധ റിട്ട് പെറ്റിഷനുകളുടെ വിധിന്യായ പ്രകാരം കുടിശ്ശിക തുക നൽകാനായുള്ളതിനാൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-104-99—പരിശോധന

വിഹിതം -127.2822 കോടി രൂപ (പദ്ധതിയേതരം)

7. സംസ്ഥാനത്തെ വിവിധ എ.ഇ.ഒ. ഓഫീസുകളിലെ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ 55.68 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96(02)—സമഗ്ര ശിക്ഷാ കേരള പ്രോജക്ട് ഡയറക്ടേറ്റ് - സംസ്ഥാന വിഹിതം

വിഹിതം -45 കോടി രൂപ (പദ്ധതി)

8. കേന്ദ്ര വിഹിതമായ 60%-ത്തിന് ആനുപതികമായ 40% തുക സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടതായിട്ടുള്ളതിനാൽ ഈയിനത്തിൽ 285 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96(03)—സമഗ്ര ശിക്ഷാ കേരളം- പ്രോജക്ട് ഡയറക്ടേറ്റ് സംസ്ഥാനത്തിന്റെ അധിക സഹായം

വിഹിതം -20.50 കോടി രൂപ (പദ്ധതി)

9. സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് ഓഫീസ് നിർമ്മാണത്തിനും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശംബളത്തിനും ജില്ലാ ഓഫീസുകളുടെ നവീകരണത്തിനും 3.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96-(04)—സമഗ്രശിക്ഷാ കേരളം സംസ്ഥാനസർക്കാർ മുൻകൂറായി നൽകിയ തദ്ദേശ സ്വയംഭരണ വിഹിതം

വിഹിതം -ഇല്ല

10. ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74 ശതമാനം തുക എലിമെന്ററി എഡ്യൂക്കേഷൻ എന്ന ഘടകത്തിനാണ്. ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്രത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുകയുള്ളൂ. ആകയാൽ ഈയിനത്തിൽ 244.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-95-(01)—സമഗ്രശിക്ഷാ കേരളം അധ്യാപനം ശക്തിപ്പെടുത്തൽ (സ്റ്റാർസ്) സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും

വിഹിതം -15 കോടി രൂപ (പദ്ധതി)

11. 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായ ഈ പദ്ധതിയ്ക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 383.27 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-95-(02)—സമഗ്ര ശിക്ഷ- അധ്യാപനം ശക്തിപ്പെടുത്തൽ സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും

വിഹിതം -10 കോടി രൂപ (പദ്ധതി)

12. കേന്ദ്ര വിഹിതമായ 60%-ത്തിന് ആനുപാതികമായ 40% സംസ്ഥാന വിഹിതമായി വകയിരുത്തിയാൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈയിനത്തിൽ 246.1096 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-90(01)—പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ - കേന്ദ്രവിഹിതം

വിഹിതം -225 കോടി രൂപ (പദ്ധതി)

13. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ആനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 63.9200 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-90(02)—പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ -സംസ്ഥാനവിഹിതം

വിഹിതം -150 കോടി രൂപ (പദ്ധതി)

14. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ ആനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 18.95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-89—പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ -സംസ്ഥാനത്തിന്റെ അധിക സഹായം

വിഹിതം -252.14 കോടി രൂപ (പദ്ധതി)

15. പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സപ്ലിമെന്ററി ന്യൂട്രീഷ്യൻ പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾ, പാചകതൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന മാൻഡേറ്ററി വിഹിതത്തിന് പുറമേയുള്ള അധിക ഓണറേറിയം നൽകുന്നതിനും, സപ്ലൈകോയ്ക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കായ മെട്രിക് ടണ്ണിന് 1,500 രൂപയ്ക്ക്

പുറമേ മെട്രിക് ടണ്ണിന് 650 രൂപ വീതം അധിക കടത്ത് കൂലി നൽകുന്നതിനും, പാചകതൊഴിലാളികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിൽ സമാശ്വാസം നൽകുന്നതിനും, പാചക ചെലവിനത്തിൽ അധികമായി വഹിക്കുന്ന തുക നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 156.16 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -25 ലക്ഷം രൂപ (പദ്ധതിയേതരം)

16. കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-192-50—മുനിസിപ്പാലിറ്റിക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -50 ലക്ഷം രൂപ (പദ്ധതിയേതരം)

17. മുനിസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 30.35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -60 ലക്ഷം രൂപ (പദ്ധതിയേതരം)

18. ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 81.79 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -1.10 കോടി രൂപ (പദ്ധതിയേതരം)

19. ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.8833 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-800-77—മഹിളാ സമഖ്യ പ്രോഗ്രാം

വിഹിതം -3 കോടി രൂപ (പദ്ധതി)

20. 8 മഹിളാ ശിക്ഷൺ കേന്ദ്രയുടെയും 6 ജില്ലാതല നിർവ്വഹണ യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾക്കും ഫീൽഡുതല പ്രവർത്തനങ്ങൾക്കുമായി ബജറ്റ് വിഹിതത്തിനുപുറമേ 5.22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99—ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

വിഹിതം -29.0879 കോടി രൂപ (പദ്ധതിയേതരം)

21. വിദ്യാഭ്യാസ ഡയറക്ടേറ്റിലെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി 90.80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

വിഹിതം -87.3288 കോടി രൂപ (പദ്ധതിയേതരം)

22. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന്റെ 2023 മുതലുള്ള കുടിശ്ശിക നൽകുന്നതിനും താരിഫ് വർദ്ധനവ് പ്രകാരമുള്ള ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈയിനങ്ങളിലായി 26.34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

വിഹിതം -5 കോടി രൂപ (പദ്ധതി)

13.4724 കോടി രൂപ (പദ്ധതിയേതരം)

23. നിർബന്ധമായും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പാഠ്യ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായും പരീക്ഷാ ആവശ്യങ്ങൾക്കും ഹൗസിംഗ് ബോർഡിന്

നൽകാനുള്ള വാടക കുടിശ്ശിക നൽകുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൻ കീഴിലെ 34-3- മറ്റ് ചെലവുകൾ - മറ്റിനം എന്ന കണക്കിനത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 6.8 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-94—ഡയറക്ടറേറ്റ് ഓഫ് ഹയർസെക്കൻഡറി എഡ്യൂക്കേഷൻ (പ്ലസ് ടു)

വിഹിതം -77.378 കോടി രൂപ (പദ്ധതിയേതരം)

24. പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ ചോദ്യപേപ്പർ അച്ചടിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ ചെലവുകൾക്കായും, ജീവനക്കാരുടെ ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-92—ഹയർസെക്കൻഡറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടിഡയറക്ടറേറ്റ്

വിഹിതം -8.6901 കോടി രൂപ (പദ്ധതിയേതരം)

25. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-85-01—സ്കൂൾ വിദ്യാഭ്യാസം നവീകരണം
വിഹിതം -19 കോടി രൂപ (പദ്ധതി)

26. ഗ്രീൻ ഓഫീസ് പദ്ധതി എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പദ്ധതി സ്കൂളുകളിലേയ്ക്ക് വിപുലമായി നടപ്പിലാക്കുന്നതിനും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 18.9801 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-80—ബയോഡൈവേഴ്സിറ്റി ക്യാമ്പസ്
വിഹിതം -50 ലക്ഷം രൂപ (പദ്ധതി)

27. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തിന് പുറമേ ഈ സാമ്പത്തിക വർഷം തന്നെ 54.10 ലക്ഷം രൂപ

ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-78—ഭരണവും നിരീക്ഷണവും

വിഹിതം -1.80 കോടി രൂപ (പദ്ധതി)

28. ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ, നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരുടെ ട്രെയിനിംഗ് എന്നിവയ്ക്ക് അധികതുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1.15 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-004-95—കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയവും പരിശീലന കേന്ദ്രവും

വിഹിതം -1 ലക്ഷം രൂപ (പദ്ധതി)

29. പരിശീലന കേന്ദ്രത്തിന്റേയും കേരള ചരിത്ര മ്യൂസിയത്തിന്റേയും പ്രാരംഭ നടപടികൾക്കും ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.04 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ - പരിശോധന

വിഹിതം -64.0001 കോടി രൂപ (പദ്ധതിയേതരം)

30. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഇലക്ട്രിസിറ്റി, വെള്ളക്കരം, ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവയ്ക്ക് ബജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ഇനങ്ങളിൽ 39.11 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-106-99—പാഠപുസ്തക പ്രസിദ്ധീകരണം

വിഹിതം -82.9583 കോടി രൂപ (പദ്ധതിയേതരം)

31. പാഠപുസ്തക ഓഫീസിലെ മുൻ വർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾക്കായി അധിക തുക ആവശ്യമാണ്. കൂടാതെ പദ്ധതിയേതര ഇനത്തിൽ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 242.4753 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-107-94—ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

വിഹിതം -7.90 കോടി രൂപ (പദ്ധതി)

32. പ്രസ്തുത സ്കോളർഷിപ്പ് പദ്ധതിപ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 35.90 ലക്ഷംരൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-108-99—പരീക്ഷാ വിഭാഗം

വിഹിതം -33.2909 കോടി രൂപ (പദ്ധതിയേതരം)

33. പരീക്ഷാ വിഭാഗത്തിന് പദ്ധതിയേതര ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിലായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 42.6701 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-99—സെക്കൻഡറി സ്കൂളുകൾ

വിഹിതം -1842.6132 കോടി രൂപ (പദ്ധതിയേതരം)

34. സംസ്ഥാനത്തെ ഗവൺമെന്റ് സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് ഈയിനത്തിൽ അധികമായി 1.14 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-78—ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ

34-3-മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം -7.7 ലക്ഷം രൂപ (പദ്ധതിയേതരം)

35. സ്പെഷ്യൽ സ്കൂളുകൾക്കുള്ള(ഗവൺമെന്റ്) ഡയറ്റ് ചാർജ്ജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-74—ഹയർസെക്കൻഡറി വിദ്യഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

വിഹിതം -8 കോടി രൂപ (പദ്ധതി)

36. ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, അതിദാരിദ്ര വിഭാഗത്തിനുള്ള പ്രത്യേക പദ്ധതി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-73—ഹയർസെക്കൻഡറി വിദ്യഭ്യാസം നവീകരണം

വിഹിതം -96 ലക്ഷം രൂപ (പദ്ധതി)

37. എൻ.ഐ.സി. യിൽ നിന്നുള്ള സപ്പോർട്ടിംഗ് സ്റ്റാഫിന് വേതനം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-71—അക്കാദമിക് എക്സലൻസ്

വിഹിതം -37.80 കോടി രൂപ (പദ്ധതി)

38. സംസ്കൃത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, വായനയുടെ വസന്തം, കാസർഗോഡ് സ്പെഷ്യൽ ടി.ടി.ഐ. യിൽ ഹോസ്റ്റൽ, ലാബ് സ്കൂൾ എന്നിവ നിർമ്മിക്കുന്നതിനും, ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്യാപക ശാക്തീകരണം, ടീച്ചർ എഡ്യൂക്കേഷൻ അധ്യാപനത്തിന്റേയും, പഠനത്തിന്റേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾ എന്നിവയ്ക്കും മറ്റുമായി പദ്ധതിയിനത്തിൽ 28.1178 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

വിഹിതം -44 കോടി രൂപ (പദ്ധതി)

39. ഗവൺമെന്റ് പ്രീപ്രൈമറി ടീച്ചിംഗ് ട്രെയിനിംഗുമായി ബന്ധപ്പെട്ടും സംസ്ഥാന കായിക മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡി.എ. വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ അധികമായി 19.1394 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-63—സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി

വിഹിതം -1.30 കോടി രൂപ (പദ്ധതി)

40. വിദ്യാകിരണം മിഷന്റെ കീഴിലുള്ള 15 വാഹനങ്ങൾക്ക് വാടകയിനത്തിൽ അനുവദിച്ച തുകയും ദിവസവേതനത്തിനായി അനുവദിച്ച തുകയും പര്യാപ്തമല്ലാത്തതിനാൽ ഈ ഇനങ്ങളിൽ 42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-61—പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിനുള്ള സഹായം

വിഹിതം -4.60 കോടി രൂപ (പദ്ധതി)

41. ജില്ല/ ഉപജില്ലാതലകായിക മേളകളും സംസ്ഥാന ഒളിമ്പിക്സ് മാതൃകയിലുള്ള കായിക മത്സരങ്ങൾ, സംസ്ഥാന ഗ്രൂപ്പ് മത്സരങ്ങൾ എന്നിവയുടെ നടത്തിപ്പിനും വിദ്യാർത്ഥികളുടെ ദേശീയതല പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 27.60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-59—മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം

വിഹിതം -62 കോടി രൂപ (പദ്ധതി)

42. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ, ബഡ്സ്, ഡി.സി.ആർ.എസ്. സ്കൂളുകൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-99—ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾക്കുള്ള സഹായം - ടീച്ചിംഗ് ഗ്രാന്റ്

വിഹിതം -3228.1797 കോടി രൂപ (പദ്ധതിയേതരം)

43. സർക്കാർ ഇതര സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ 2022 ഏപ്രിൽ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 3.26 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-95—എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്

34-03 -മറ്റു ചെലവുകൾ - മറ്റിനം

വിഹിതം -10.92 ലക്ഷം രൂപ (പദ്ധതിയേതരം)

44. സ്പെഷ്യൽ സ്കൂളുകൾക്കുള്ള(എയ്ഡഡ്) ഡയറ്റ് ചാർജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ ഈയിനത്തിൽ അധികമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-94—എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ -ടീച്ചിംഗ് ഗ്രാന്റ്

വിഹിതം -2165.045 കോടി രൂപ (പദ്ധതിയേതരം)

45. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 42 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -20 ലക്ഷം രൂപ (പദ്ധതിയേതരം)

46. കോർപ്പറേഷൻ മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 49.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-192-50—മുനിസിപ്പാലിറ്റിക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -18 ലക്ഷം രൂപ (പദ്ധതിയേതരം)

47. സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 57.02 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം -75 ലക്ഷം രൂപ (പദ്ധതിയേതരം)

48. ജില്ലാ പഞ്ചായത്ത് മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2.4224 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി)

വിഹിതം -21 കോടി രൂപ (പദ്ധതി)

49. 2025-26 സാമ്പത്തിക വർഷം ഹയർ സെക്കന്ററി ഒന്നും രണ്ടും ക്ലാസുകളിലേയ്ക്കായി എൺപതോളം ടൈറ്റിൽ പാഠപുസ്തകങ്ങൾ, അനുബന്ധ സാമഗ്രികൾ തയ്യാറാക്കൽ, പാഠ്യപദ്ധതി തയ്യാറാക്കൽ, ശില്പശാല, അദ്ധ്യാപക പരിശീലനം എന്നിവ സംഘടിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-89-—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ട്രെയിനിംഗ് ( സീമാറ്റ്) കേരള

വിഹിതം -3 കോടി (പദ്ധതി)

50. സിമാറ്റ് - കേരള കെട്ടിട സമുച്ചയത്തിന്റെ അറ്റകുറ്റപ്പണി, നവീകരണം പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടികൾ എന്നിവയ്ക്കായി 2.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-201-92—ഓട്ടിസം പാർക്കിന്റെ അടിസ്ഥാന സൗകര്യം
വിഹിതം -59 ലക്ഷം രൂപ (പദ്ധതി)

51. പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 91 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-201-91—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായം

വിഹിതം -6 കോടി രൂപ (പദ്ധതി)

52. സംസ്ഥാനത്തെ സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായത്തിനായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-93—അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം
വിഹിതം-60 കോടി രൂപ (പദ്ധതി)

53. സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനായും സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും അധികമായി തുക ആവശ്യമുണ്ട്. ആയതിനാൽ 50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-79—സ്കൂൾ വിദ്യാഭ്യാസം - നവീകരണം
വിഹിതം-22 കോടി രൂപ (പദ്ധതി)

54. വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം, ആധുനികവൽക്കരണം, നവീകരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-77—സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യങ്ങൾ
വിഹിതം -14.28 കോടി രൂപ (പദ്ധതി)

55. വസ്തു വാങ്ങുന്നതിനു വരുന്ന അധിക അപേക്ഷകൾ പരിഗണിക്കുന്നതിനും മുൻവർഷങ്ങളിൽ അനുവദിച്ച കെട്ടിടങ്ങളുടെ ബില്ലുകൾ മാറാനുള്ളതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2202-03-102-99—കേരള സർവ്വകലാശാല

31 -സഹായധനം - ശമ്പളം

വിഹിതം -329.8917 കോടി രൂപ (പദ്ധതിയേതരം)

56. ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 95 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

വിഹിതം -251.8808 കോടി രൂപ (പദ്ധതിയേതരം)

-33.80 കോടി രൂപ (പദ്ധതി)

57. യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 85.6442 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 49.0101194 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-97-മഹാത്മാഗാന്ധി സർവ്വകലാശാല

വിഹിതം -201.9398 കോടി രൂപ (പദ്ധതിയേതരം)

-38.45 കോടി രൂപ (പദ്ധതി)

59. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പള പരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ അധിക തുക ആവശ്യമാണ്. ആയതിനാൽ 31-സഹായധനം ശമ്പളം എന്ന കണക്കിനത്തിൽ 128.2485 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ശീർഷകത്തിൽ പദ്ധതിയിനത്തിൽ 16.55 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-95—ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

വിഹിതം -9.20 കോടി രൂപ (പദ്ധതി)

-5.0329 കോടി രൂപ (പദ്ധതിയേതരം)

60. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനും, തുടർന്നുവരുന്ന പ്രോഗ്രാമുകൾക്ക് അനുസൃതമായി ജീവനക്കാരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനും സ്വയം പഠന സാമഗ്രികൾ, വിർച്വൽ കൗണ്ടറുകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 5.13 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5544 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

വിഹിതം -76.1411 കോടി രൂപ (പദ്ധതിയേതരം)

-22.0500 കോടി രൂപ (പദ്ധതി)

61. ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനും സർവ്വകലാശാലയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ജേണലുകൾ എന്നിവ വാങ്ങുന്നതിനും, ഓഫീസ് ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിനും, സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 119.4996 കോടി രൂപയും, പദ്ധതിയിനത്തിൽ 4.4 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

വിഹിതം -68.1746 കോടി രൂപ (പദ്ധതിയേതരം)

-34 കോടി രൂപ (പദ്ധതി)

62. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല . കൂടാതെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനുമായി കൂടുതൽ തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40.9076 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-77—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)

വിഹിതം -12.25 കോടി രൂപ (പദ്ധതി)

63. ന്യൂവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 81.62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

വിഹിതം -5.9962 കോടി രൂപ (പദ്ധതിയേതരം)

-11.35 കോടി രൂപ (പദ്ധതി)

64. സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, നൽകുന്നതിനും വാഹന വാടക, ഇന്ധന ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 12.3145 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ലൈബ്രറി വികസനം, ഹോസ്റ്റൽ നിർമ്മാണം, താല്ക്കാലിക ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും നിർമ്മാണം, ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾ, അന്തർ സർവ്വകലാശാല സഹകരണം/ചെയറുകൾ, പ്രോജക്ടുകൾ എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 15.2443 കോടി രൂപയും '36- സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.4057 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

വിഹിതം -8.4031 കോടി രൂപ (പദ്ധതിയേതരം)

-2 കോടി രൂപ (പദ്ധതി)

66. ഈ ശീർഷകത്തിൻ കീഴിൽ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തനിനാൽ 05-3-ടെലിഫോൺ ചെലവ് എന്ന കണക്കിനത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90—എറണാകുളം ലോ കോളേജ്

വിഹിതം -5.2286 കോടി രൂപ (പദ്ധതിയേതരം)

67. എറണാകുളം ലോ കോളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01- 4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 40,000 രൂപ |
| 02 -5 - ദിവസവേതനം | 3,00,000 രൂപ |
| 04 - 1 - യാത്രാബത്ത | 15,000 രൂപ |
| 04 - 4 - അവധി യാത്രാനുകൂല്യം | 30,000 രൂപ |
| 05 - 2 - വൈദ്യുതി ചെലവ് | 50,000 രൂപ |

2202-03-103-89—കോഴിക്കോട് ലോ കോളേജ്

വിഹിതം -4.6539 കോടി രൂപ (പദ്ധതിയേതരം)

-2.40 കോടി രൂപ (പദ്ധതി)

68. കോഴിക്കോട് ലോ കേളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01 - 1 - ശമ്പളം | 10 ലക്ഷം രൂപ |
| 2 - ക്ഷാമബത്ത | 10 ലക്ഷം രൂപ |
| 3 - വീട്ടുവാടക | 2 ലക്ഷം രൂപ |
| 4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 10,000 രൂപ |
| 02 - 5 - ദിവസവേതനം | 30 ലക്ഷം രൂപ |
| 04 - 1 - യാത്രാബത്ത | 20,000 രൂപ |
| 4 - അവധി യാത്രാനുകൂല്യം | 67.507 ലക്ഷം രൂപ |

| | |
|---|---|
| 05 - 1 - വെള്ളക്കരം | 1.50 ലക്ഷം രൂപ |
| 2 - വൈദ്യുതി ചെലവ് | 2 ലക്ഷം രൂപ |
| 3 - ടെലിഫോൺ | 20,000 രൂപ |
| 4 - മറ്റിനങ്ങൾ | 25,000 രൂപ |
| 34 - 3 - മറ്റ് ചെലവുകൾ-മറ്റിനം | 30,000 രൂപ |

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

വിഹിതം -5.4369 കോടി രൂപ (പദ്ധതിയേതരം)

-2 കോടി രൂപ (പദ്ധതി)

69. തൃശ്ശൂർ ലോ കോളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01 - 1 - ശമ്പളം | 21.14 ലക്ഷം രൂപ |
| 2 - ക്ഷാമബത്ത | 4.66 ലക്ഷം രൂപ |
| 3 - വീട്ടുവാടക അലവൻസ് | 2.11 ലക്ഷം രൂപ |
| 04 - 1 - യാത്രാബത്ത | 20,000 രൂപ |
| 4 - അവധിയാത്ര ആനുകൂല്യം | 20,000 രൂപ |
| 05 - 2 - വൈദ്യുതി ചെലവ് | 87,000 രൂപ |

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)

(01) കേന്ദ്ര വിഹിതം - 45 കോടി രൂപ (പദ്ധതി)

(02) സംസ്ഥാന വിഹിതം - 30 കോടി രൂപ (പദ്ധതി)

70. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം PM-USHA പദ്ധതിയെ റൂസ പദ്ധതിയുടെ തുടർച്ചയായി കണ്ട് നിലവിലെ റൂസ പദ്ധതിക്കുള്ള അലോട്ട്മെന്റിൽ നിന്ന് പി.എം. ഉഷ പദ്ധതിക്ക് തുക അനുവദിച്ച് നൽകാവുന്നതാണ്. റൂസ/പി.എം. ഉഷ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി 31-3-2026-ൽ പൂർത്തിയാക്കേണ്ടതിനാൽ അധിക തുക വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 517.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

വിഹിതം-20 കോടി രൂപ (പദ്ധതി)

71. ഉന്നതവിദ്യാഭ്യാസ നിക്ഷേപനയരൂപീകരണത്തിന്റെ ഭാഗമായി ടാക്സ് ഫോഴ്സ് രൂപീകരണം, അന്തർദ്ദേശീയ കോൺക്ലേവുകൾ, ട്രാൻസ്ഫോർമേഷൻ ഇൻഷ്യേറ്റീവ് ഗ്ലോബൽ കോൺക്ലേവ്, അദ്ധ്യാപക പരിശീലന പരിപാടി, ഇ-ജേർണൽ കൺസോർഷ്യം, നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 32.303080 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-48—കേരളം - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (കെ-റീപ്പ്) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും

വിഹിതം -13.40 കോടി രൂപ (പദ്ധതി)

72. കേരള -എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്പ്)നും ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.60 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-98—ഇറുഡൈറ്റ് -സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം

വിഹിതം-70 ലക്ഷം രൂപ (പദ്ധതി)

73. പ്രമുഖ അക്കാദമിക വിദഗ്ധരെ ഉപയോഗിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-97-02—അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്. എ.പി.)

വിഹിതം -35.10 കോടി രൂപ (പദ്ധതി)

74. അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനും പരിപാലനത്തിനും, തൊഴിൽ നൈപുണ്യ പരിശീലനങ്ങൾക്കും, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.90 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-107-88-12—ലോ കോളേജുകളിലെ അന്ധവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

വിഹിതം-99000 രൂപ (പദ്ധതിയേതരം)

75. എറണാകുളം ലോ കോളേജിന് 12/2023 മുതലുള്ള മെസ് ഫീസ്, കോളേജ് ഫീസ്, എന്നീ ഇനങ്ങളിൽ തുക നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

വിഹിതം -6.25 കോടി രൂപ (പദ്ധതി)

76. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ ശമ്പള ചെലവിനായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-800-45—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്

വിഹിതം -4.1093 കോടി രൂപ (പദ്ധതിയേതരം)

-11 കോടി രൂപ (പദ്ധതി)

77. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് & ആർട്സിലെ അക്കാഡമിക് ആവശ്യങ്ങൾക്ക വേണ്ടിയും, പർച്ചെയ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ്

നിർമ്മാണം, സോളാർ പവർ ജനറേഷൻ സിസ്റ്റം, വീൽ ചെയർ, സൗഹൃദ കാമ്പസ് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 36- സഹായധനം- ശമ്പളേതരം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 2.6899 കോടി രൂപയും 35 -മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന കണക്കിനം ഉൾപ്പെടുത്തി ആയതിൽ 18.70 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-99—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിഹിതം -17.7912 കോടി രൂപ (പദ്ധതിയേതരം)

78. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ -ഇംബേഴ്സ്മെന്റും യാത്രാബത്തയും നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന കണക്കിനത്തിൽ 1.51 ലക്ഷം രൂപയും 04-1 യാത്രാബത്ത എന്ന കണക്കിനത്തിൽ 2.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-97—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും

05-2-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം -1.03 ലക്ഷം രൂപ (പദ്ധതിയേതരം)

79. സാങ്കേതിക വിദ്യാഭ്യാസമേഖലാ കാര്യാലയങ്ങളിലെ വൈദ്യുത ബില്ലുകളുടെ കുടിശ്ശിക തുക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ തുകയ്ക്ക് പുറമെ 97,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

വിഹിതം -31.25 കോടി രൂപ (പദ്ധതി)

-173.2354 കോടി രൂപ (പദ്ധതിയേതരം)

80. പ്രവേശന പരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, വാർഷിക ഇൻക്രിമെന്റ്, പെൻഷൻ, ഡി.എ. അരിയർ, എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സഹായധനം - ശമ്പളം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 114.3252 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും അവ സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും, പരിസ്ഥിതി സൗഹൃദവും സുരക്ഷാനടപടികളും സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.85 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി(ഡോ. എ. പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

വിഹിതം-40.3810 കോടി രൂപ (പദ്ധതിയേതരം)

-24.10 കോടി (പദ്ധതി)

82. ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന ഉപശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ ബന്ധപ്പെട്ട പദ്ധതിയിനത്തിൽ 8.5470 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. കൂടാതെ, സർവ്വകലാശാല സ്കൂളുകളുടെ ചെലവുകൾക്കും, സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടെ വിവിധ ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി '36-സഹായധനം-ശംബളേതരം' എന്നതിൽ പദ്ധതിയിനത്തിൽ 5.3530 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി '31- സഹായധനം - ശമ്പളം' എന്ന ഉപശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 36.0720 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം

വിഹിതം -5.25 കോടി രൂപ (പദ്ധതി)

93.6140 കോടി രൂപ (പദ്ധതിയേതരം)

85. കടപ്ലാമറ്റം, കുറിച്ചി എന്നീ ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 10.18 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റു ചെലവുകൾ - വൈദ്യുതി ചെലവ് എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ യഥാക്രമം 2.10 ലക്ഷം രൂപ, 11.88 ലക്ഷം രൂപ എന്നിങ്ങനെ തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-99—ഗവൺമെന്റ് പോളിടെക്നിക്കുകൾ

വിഹിതം -222.3385 കോടി രൂപ (പദ്ധതിയേതരം)

87. വിവിധ സർക്കാർ പോളീടെക്നിക്കുകളുടെ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക നൽകാനുള്ളതിനാൽ നികുതി ഇനത്തിൽ 3 ലക്ഷം രൂപയും വൈദ്യുത ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ പ്രസ്തുത ഇനത്തിൽ 30 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-91—ടെക്നിക്കൽ ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് പോളിടെക്നിക്കുകൾ സ്ഥാപിക്കൽ

വിഹിതം -52.4238 കോടി രൂപ (പദ്ധതിയേതരം)

88. വിവിധ അപ്ഗ്രേഡഡ് പോളീടെക്നിക്കുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൻ കീഴിൽ '34-2 മറ്റു ചെലവുകൾ - വൈദ്യുതി ചെലവ് ' എന്ന കണക്കിനത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-108-99—പരീക്ഷകൾ - പരീക്ഷാ വിഭാഗം

34-3-മറ്റു ചെലവുകൾ- മറ്റിനം

വിഹിതം-3.80 കോടി രൂപ (പദ്ധതിയേതരം)

89. പരീക്ഷാ വിഭാഗത്തിന്റെ മറ്റിന ചെലവുകളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-99—എൻജിനിയറിംഗ് കോളേജ്, തിരുവനന്തപുരം

01-4-ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം -4.80 ലക്ഷം രൂപ (പദ്ധതിയേതരം)

90. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-88—കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

34-2-മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

വിഹിതം -52.71 ലക്ഷം രൂപ (പദ്ധതിയേതരം)

91. കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-81—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

വിഹിതം -100.5544 കോടി രൂപ (പദ്ധതിയേതരം)

92. ഈ ശീർഷകത്തിൻ കീഴിൽ വെള്ളക്കരം, വൈദ്യുതി ചെലവ് ഇനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ വെള്ളക്കരം ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-72—സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

വിഹിതം-2.6 കോടി രൂപ (പദ്ധതി)

93. പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിനത്തിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 8.2340 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി)

വിഹിതം -32.50 കോടി രൂപ (പദ്ധതി)

-21.4680 കോടി രൂപ (പദ്ധതിയേതരം)

94. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന സമിതി വിലയിരുത്തുന്നു. ആയതിനാൽ '31-സഹായധനം - ശമ്പളം' എന്ന കണക്കിനത്തിൽ 142.7279 കോടി രൂപയും '36-സഹായധനം - ശമ്പളേതരം' എന്ന കണക്കിനത്തിൽ 12.5041 കോടി രൂപയും പദ്ധതിയേതരയിനത്തിലും 35- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം, 36- സഹായധനം ശമ്പളേതരം എന്നീ കണക്കിനങ്ങളിലായി 709.9640 കോടി രൂപ പദ്ധതിയിനത്തിലും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58—എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

വിഹിതം-8.58 കോടി രൂപ (പദ്ധതി)

95. എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര, തിരുവനന്തപുരം സെന്ററിന് പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം, കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 3 കോടി രൂപയും എൽ.ബി.എസ്. ഐ.ഐ.റ്റി.-യ്ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് 35.51 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. കൂടാതെ പ്രസ്തുത സെന്ററുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി 36 – സഹായധനം - ശമ്പളേതരം എന്ന കണക്കിനത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം

36-സഹായധനം - ശമ്പളേതരം

വിഹിതം-4.50 കോടി രൂപ (പദ്ധതി)

97. സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പാക്കേജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ മെഷീനുകൾ വാങ്ങുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-99—നാഷണൽ കേഡറ്റ് കോർപ്സ്

34-3-മറ്റു ചെലവുകൾ – മറ്റിനം

വിഹിതം-13.02 കോടി രൂപ (പദ്ധതിയേതരം)

98. കേഡറ്റുകൾക്ക് റിഫ്രെഷ്മെന്റ്/ഓണറേറിയം/വാഷിംഗ് അലവൻസ്, ട്രെയിനിംഗ് സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 48.24 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-94—ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ

34-2 -മറ്റു ചെലവുകൾ-വൈദ്യുതി ചെലവ്

വിഹിതം -8.66 ലക്ഷം രൂപ (പദ്ധതിയേതരം)

99. ഫൈൻ ആർട്സ് കോളേജുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 1.34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

31-സഹായധനം - ശമ്പളം

വിഹിതം -5.9207 കോടി രൂപ (പദ്ധതിയേതരം)

100. ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.5006 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36-സഹായധനം - ശമ്പളേതരം

വിഹിതം -20.3059 കോടി രൂപ (പദ്ധതിയേതരം)

101. ലൈബ്രറികൾക്ക് പുസ്തക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 30.6941 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

വിഹിതം -10,000 രൂപ (പദ്ധതിയേതരം)

102. കോഴ്സ് നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 42,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-70—പബ്ലിക്ക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (മലയാള സർവ്വകലാശാലയുടെ പുതിയ കാമ്പസും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റികളും)

വിഹിതം -1 ലക്ഷം രൂപ (പദ്ധതി)

103. പുതിയ കാമ്പസ് നിർമ്മാണവും വികസനവും അക്കാദമിക്- ഭരണവിഭാഗ കെട്ടിട നിർമ്മാണം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാന കോശം പ്രസിദ്ധീകരണ കേന്ദ്രം

36-സഹായധനം -ശമ്പളേതരം

വിഹിതം -1.50 കോടി രൂപ (പദ്ധതി)

-2.7011 കോടി രൂപ (പദ്ധതിയേതരം)

104. 13 ലഘുവിജ്ഞാന കോശങ്ങൾ, പരിസ്ഥിതി വിജ്ഞാന കോശം, വൈക്കം സത്യാഗ്രഹം, കേരള വിജ്ഞാന കോശം, ദളിത് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം തുടങ്ങിയവയുടെ പ്രസിദ്ധീകരണം, പരസ്യക്കൂലി, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5959 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനി യോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

36 -സഹായധനം -ശമ്പളേതരം

വിഹിതം -1.40 കോടി രൂപ (പദ്ധതി)

-1.3419 കോടി രൂപ (പദ്ധതിയേതരം)

105. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, തളിര് മാസികയുടെ പ്രസിദ്ധീകരണത്തിനും, ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും കുടിശ്ശികയും നൽകുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾക്കും ബജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

36-സഹായധനം - ശമ്പളേതരം

വിഹിതം-2.75 കോടി രൂപ (പദ്ധതി)

-3.4424 കോടി രൂപ (പദ്ധതിയേതരം)

106. ഡോ. ബി. ആർ. അംബേദ്ക്കർ സമ്പൂർണ്ണ കൃതികളുടെ പ്രസിദ്ധീകരണ പദ്ധതി, പ്രാദേശിക കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഫർണിഷിംഗ്, വൈജ്ഞാനിക പുസ്തകനിർമ്മാണം

എന്നിവയ്ക്കും വിജ്ഞാന മുദ്രണം പ്രസ്സിന് ബൈൻഡിംഗ് ഫോൾഡിംഗ് മെഷീൻ, പ്രോഗ്രാം കട്ടിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പള-അലവൻസുകളും മറ്റും നൽകുന്നതിനും, വാടക, വൈദ്യുത ചാർജ്, വാട്ടർ ചാർജ്, ദൈനംദിന ചെലവുകളും നിർവ്വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1.5576 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം

വിഹിതം-70 ലക്ഷം രൂപ (പദ്ധതി)

107. ബുക്ക്മാർക്ക് ബുക്ക്കഫെ പദ്ധതി, ബുക്ക്മാർക്കിന് സ്വന്തമായി പബ്ലിക്കേഷൻ, ദൃശ്യവൽക്കരണം, ബുക്ക് വെന്റിംഗ് മെഷീൻ, അന്തർദേശീയ പുസ്തകമേള തുടങ്ങിയ ആവശ്യങ്ങൾക്കും കൂടാതെ ജീവനക്കാരുടെ ശമ്പളം, ഓഫീസുകളുടെ വാടക എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-86—മലയാളം മിഷൻ

വിഹിതം -2 കോടി രൂപ (പദ്ധതി)

-34.04 ലക്ഷം രൂപ (പദ്ധതിയേതരം)

108. മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പഠനവണ്ടി, കരിക്കുലം സിലബസ്, പ്രവാസി സാഹിത്യ സമ്മേളനം തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ജീവനക്കാരുടെ ശമ്പളം, വേതനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.82 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 55.16 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97—കേരള കലാമണ്ഡലം

വിഹിതം-24.50 കോടി രൂപ (പദ്ധതി)

-8.0644 കോടി രൂപ (പദ്ധതിയേതരം)

109. കേരള കലാമണ്ഡലത്തിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും, 11-ാം ശമ്പള പരിഷ്കരണത്തിന്റെയും കുടിശ്ശിക, കറണ്ട് ചാർജ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.12 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 6.82 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

വിഹിതം-2.0549 കോടി രൂപ (പദ്ധതിയേതരം)

-5 കോടി രൂപ (പദ്ധതി)

110. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.20 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3.754 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-89—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

വിഹിതം -40 ലക്ഷം രൂപ (പദ്ധതി)

-1 കോടി രൂപ (പദ്ധതിയേതരം)

111. തുഞ്ചൻ സ്മാരകത്തിലെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, മലയാള ഭാഷ സാഹിത്യ മ്യൂസിയം, പുസ്തക പുര നിർമ്മാണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 3.6 കോടി രൂപയും ജീവനക്കാരുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം

വിഹിതം-3.45 കോടി രൂപ (പദ്ധതി)

-1.2758 കോടി രൂപ (പദ്ധതിയേതരം)

112. സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിൽ കൂടുതൽ തുക ആവശ്യമാണ്. ജീവനക്കാരുടെ ഡി.എ. വർദ്ധന, പെൻഷനാനുകൂല്യങ്ങൾ, 11-ാം ശമ്പളപരിഷ്കരണം എന്നിവ നൽകുന്നതിനായും ഡിജിറ്റൈസേഷൻ എന്നിവയ്ക്കായും അധിക തുക ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 8.55 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.74 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91—കേരള ലളിതകലാ അക്കാഡമി

വിഹിതം -5.75 കോടി രൂപ (പദ്ധതി)

-1.7013 കോടി രൂപ (പദ്ധതിയേതരം)

113. കോഴിക്കോട് ആർട്ട് ഗ്യാലറി നിർമ്മാണം, കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, ഇന്റർനാഷണൽ പെയിന്റേഴ്സ് ക്യാമ്പ് എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1.75 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90—കേരള സംഗീതനാടക അക്കാഡമി

വിഹിതം-9 കോടി രൂപ (പദ്ധതി)

-1.0935 കോടി രൂപ (പദ്ധതിയേതരം)

114. കേരള സംഗീത നാടക അക്കാഡമിക്ക് കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾക്കും, നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 6.29 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.0840 കോടി രൂപയും നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86-36—കഥകളി പരിശീലനം - മാർഗി

വിഹിതം -90 ലക്ഷം രൂപ (പദ്ധതി)

115. സ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കഥകളി, കൂടിയാട്ടം, ചെണ്ട, മദ്ദളം തുടങ്ങിയവയിൽ സൗജന്യ പരിശീലനം, മാർഗ്ഗിയിൽ ഉപരിപഠനത്തിന് വരുന്നവർക്ക് വിദഗ്ധ പരിശീലനം, സായിഗ്രാമത്തിലെ അനാഥ കുട്ടികൾക്ക് കഥകളി, ചെണ്ട പരിശീലനം, ശ്രീചിത്രാ ഹോമിലെ പെൺകുട്ടികൾക്ക് സൗജന്യമായി നങ്ങ്യാർകൂത്തിൽ പരിശീലനം തുടങ്ങിയ ആവശ്യങ്ങൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും വേതനം, വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

വിഹിതം -1 കോടി രൂപ (പദ്ധതി)

-21.11 ലക്ഷം രൂപ (പദ്ധതിയേതരം)

116. സ്വാതി തിരുനാൾ ചെയർ ആന്റ് യേശുദാസ് ഡിജിറ്റൽ ലൈബ്രറിക്കായും പദ്ധതി വിഹിതത്തിലെ മുഴുവൻ സാംസ്കാരിക അവതരണങ്ങളുടെ നടത്തിപ്പിനായും, ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവ്, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.7585 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 33.93285 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-80—നാട്ടരങ്ങ്

വിഹിതം -50 ലക്ഷം രൂപ (പദ്ധതി)

117. 'ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് ' നിർമ്മിക്കുന്ന പദ്ധതിയിൻ പ്രകാരം നിലവിൽ നിർമ്മാണത്തിലിരിക്കുന്ന നാട്ടരങ്ങുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച ബജറ്റ് വിഹിതത്തിന് പുറമേ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

വിഹിതം -90 ലക്ഷം രൂപ (പദ്ധതി)

-50 ലക്ഷം രൂപ (പദ്ധതിയേതരം)

118. കലാപരിശീലന വിഭാഗങ്ങളുടെ സുഗമമായ നടത്തിപ്പിന് കെട്ടിട നിർമ്മാണവും ഹോസ്റ്റൽ നിർമ്മാണവും അത്യന്താപേക്ഷിതമാകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികൾക്ക് വേണ്ട വിധം സൗകര്യവും നല്ല രീതിയിൽ പരിശീലനവും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-75—അന്താരാഷ്ട്ര ചലച്ചിത്രമേള

വിഹിതം-66.15 ലക്ഷം രൂപ (പദ്ധതിയേതരം)

119. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്ത

മായതിനാൽ പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74—കേരള നാടൻകല അക്കാദമി

വിഹിതം-3.25 കോടി രൂപ (പദ്ധതി)

-25.90 ലക്ഷം രൂപ (പദ്ധതിയേതരം)

120. മ്യൂസിയത്തിൽ എത്തുന്ന സന്ദർശകരുടെ സൗകര്യാർത്ഥം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും, കാളൻ സ്മാരകത്തിന്റെ രണ്ടാം നിലയിൽ ഒരു ഗസ്റ്റ് റൂം പണിയുന്നതിനും ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം

വിഹിതം -1.30 കോടി രൂപ (പദ്ധതി)

പദ്ധതിയേതരം - ഇല്ല

121. പാരമ്പര്യ വാസ്തുവിദ്യാ, ചുമർചിത്രരചന സുസ്ഥിര സാങ്കേതിക വിദ്യ എന്നിവയുടെ സംരക്ഷണവും പ്രചാരണവും, ഓഫീസ് മന്ദിര നവീകരണം, ആസ്ഥാന മന്ദിര നിർമ്മാണം, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 15.70 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-67—അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തിര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം

വിഹിതം -11 ലക്ഷം രൂപ (പദ്ധതിയേതരം)

122. ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണം കൂടുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-66—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി</u>

വിഹിതം -14 കോടി രൂപ (പദ്ധതി)

3.2144 കോടി രൂപ (പദ്ധതിയേതരം)

123. മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, സിനിമാ രംഗത്തെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന പദ്ധതി, അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക <u>അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം ഇനത്തിൽ 80 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 1.25 കോടി രൂപയും ശമ്പളേതരയിനത്തിൽ 5.25 കോടി രൂപ പദ്ധതിയിനത്തിലും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2205-00-102-65-33—<u>മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ</u>

വിഹിതം -1.4115 കോടി രൂപ (പദ്ധതിയേതരം)

124. മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി തുകയ്ക്ക് ആനുപാതികമായി സിനിമകൾക്ക് സബ്സിഡി നൽകാനും മുൻകാലങ്ങളിലുള്ള സബ്സിഡി കുടിശ്ശിക നൽകാനുള്ളതിനാലും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് ആയതിനാൽ <u>8 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2205-00-102-63—<u>മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി</u>

വിഹിതം-15 ലക്ഷം രൂപ (പദ്ധതി)

-75 ലക്ഷം രൂപ (പദ്ധതിയേതരം)

125. ഗ്രാന്റിൽ കുറവ് വന്നതുകാരണം മന്ദഗതിയിലായതും നിർത്തിവച്ചതുമായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി <u>പദ്ധതിയിനത്തിൽ 1.37 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 97.58 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2205-00-102-55—<u>കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ</u>

വിഹിതം -70 ലക്ഷം രൂപ (പദ്ധതി)

60 ലക്ഷം രൂപ (പദ്ധതിയേതരം)

126. ആശാൻ സൗധവും ലൈബ്രറി മന്ദിരവും, ആശാൻ ഡോക്യുമെന്ററി നിർമ്മാണം, പ്രവേശന കവാടം, ചുറ്റുമതിൽ നിർമ്മാണം, ആശാൻ കാവ്യഭൂമി പൂർത്തീകരണം മാനസ്ക്രിപ്റ്റ് മ്യൂസിയം, കെട്ടിടം ശീതികരിക്കലും നവീകരിക്കലും, ആശാൻ ജന്മവാർഷികാഘോഷം - ആശാൻചരമദിനാചരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-49—സാംസ്കാരിക ഡയറക്ടറേറ്റിന്റെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനം

വിഹിതം -20 ലക്ഷം രൂപ (പദ്ധതി)

127. ഭിന്നശേഷിക്കാർ ഉൾപ്പടെയുള്ള എല്ലാവരുടേയും തനതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന ആധുനികവത്ക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഒരുക്കുന്നതിനും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജില്ലകളിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾ വകുപ്പിന് കൈമാറുമ്പോൾ അവയുടെ അറ്റകുറ്റപ്പണികൾ, ദൈനംദിന ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനും മറ്റുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-45—ശതാബ്ദി ആഘോഷങ്ങൾ - വൈക്കം സത്യാഗ്രഹവും ആലുവ സർവ്വമത സമ്മേളനവും

വിഹിതം -20 ലക്ഷം രൂപ (പദ്ധതി)

128. വൈക്കം സത്യാഗ്രഹത്തിന്റേയും ആലുവ സർവ്വമത സമ്മേളനത്തിന്റേയും ചരിത്രപരമായ പ്രാധാന്യം മാനിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ശതാബ്ദി ആഘോഷങ്ങൾ എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

വിഹിതം -1.75 കോടി രൂപ (പദ്ധതി)

-76.50 ലക്ഷം രൂപ (പദ്ധതിയേതരം)

129. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനും ഓഫീസ് ചെലവുകൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അധിക തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതിയിനത്തിൽ 9.95 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 62.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അന്താരാഷ്ട്ര നാടകോത്സവം

130. ലോക നാടകത്തിന്റെ ഏറ്റവും നവീനമായ പ്രവണതകളും സങ്കേതങ്ങളും കേരളീയർക്ക് പരിചയപ്പെടുത്തുന്ന അന്താരാഷ്ട്ര നാടകോത്സവം കടുത്ത സാമ്പത്തിക ബാധ്യതയാണ് ഇത് സംഘടിപ്പിക്കുന്നതിലൂടെ അക്കാദമിക്ക് ഉണ്ടാകുന്നത്. കോവിഡ് പശ്ചാത്തലത്തിൽ മുൻ വർഷത്തെ അന്താരാഷ്ട്ര നാടകോത്സവം നടത്താൻ സാധിച്ചിരുന്നില്ല. ആയതിനാൽ 2205-00-102-34 എന്ന ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 3 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-32—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി

വിഹിതം-40 ലക്ഷം രൂപ (പദ്ധതി)

-25 ലക്ഷം രൂപ (പദ്ധതിയേതരം)

131. സാംസ്കാരിക വകുപ്പ് നവകേരള നിർമ്മിതിയുടെ ഭാഗമായി ആവിഷ്കരിച്ച സാംസ്കാരിക പദ്ധതിയായ ശ്രീനാരായണഗുരു വിശ്വദർശന സംഗമം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പഠനക്ലാസ്സ്, സാംസ്കാരിക പരിപാടി, സാംസ്കാരിക ഘോഷയാത്ര, കലാപരിപാടി തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 ലക്ഷം രൂപയും കൂടാതെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുതയിനത്തിൽ 8.77 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-31—കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്

വിഹിതം-22.50 ലക്ഷം രൂപ (പദ്ധതിയേതരം)

132. അധിക ഭരണ ചെലവുകൾ നിറവേറ്റുന്നതിനായി പദ്ധതിയേതരയിനത്തിൽ 76.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-25—സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി

വിഹിതം -10 കോടി രൂപ (പദ്ധതിയേതരം)

133. വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പ്രതിമാസ പെൻഷൻ, അനുബന്ധ ആനുകൂല്യങ്ങൾ, വിരമിക്കൽ ആനുകൂല്യങ്ങൾ, പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99—പുരാവസ്തു വകുപ്പ്

വിഹിതം -17.2553 കോടി രൂപ (പദ്ധതിയേതരം)

134. മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുറന്നു കൊടുത്തതിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയധികം കൂടിയതിനാൽ ഈ ശീർഷകത്തിൻ കീഴിൽ 05-1 ഓഫീസ് ചെലവുകൾ - വെള്ളക്കരം എന്ന ഇനത്തിൽ 1 ലക്ഷം രൂപയും ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും നവീകരണം പൂർത്തിയാക്കിയ പല മ്യൂസിയങ്ങളിലും ഡിസ്പ്ലേ സംവിധാനം പ്രവർത്തിക്കുന്നതിനാലും 05-2 വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 6.5 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-91—എറണാകുളത്തെ പുരാവസ്തു മ്യൂസിയം

വിഹിതം -1.40 കോടി രൂപ (പദ്ധതി)

135. എറണാകുളം ജില്ലയിലെ ഹിൽപാലസ് മ്യൂസിയത്തിൽ വിവിധ സംരക്ഷണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ജില്ലയിലെ മറ്റ് സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-89—പുരാവസ്തു കെട്ടിടങ്ങൾ

വിഹിതം-6 കോടി രൂപ (പദ്ധതി)

136. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ട 192 സ്മാരകങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ ആവശ്യമായ സ്മാരകങ്ങളുടെ സംരക്ഷണം നിർവ്വഹിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

വിഹിതം -60 ലക്ഷം രൂപ (പദ്ധതി)

-10 ലക്ഷം രൂപ (പദ്ധതിയേതരം)

137. പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി ആകെ 2,41,66,124 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 11.66 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-104-99—കേരള സംസ്ഥാന പുരാരേഖ

വിഹിതം-7.5 കോടി രൂപ (പദ്ധതി)

-9.9504 കോടി രൂപ (പദ്ധതിയേതരം)

138. സംസ്ഥാന പുരാരേഖ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ വാടക, കരം, നികുതി എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.73 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-104-91—ആർക്കൈവൽ സ്റ്റഡി ആന്റ് റിസർച്ച് സെന്റർ

വിഹിതം -4 കോടി രൂപ (പദ്ധതി)

139. പുരാരേഖ വകുപ്പ് നിർമ്മിക്കുന്ന ഇന്റർ നാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ പൂർണ്ണമായുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

വിഹിതം-26.3050 കോടി രൂപ (പദ്ധതിയേതരം)

140. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ മ്യൂസിയം, മൃഗശാല, ഗാർഡൻ, കണ്ണൂരിലെ തെയ്യം മ്യൂസിയം, എ.കെ.ജി. മ്യൂസിയം എന്നിവിടങ്ങളിലെ വൈദ്യുതി ചെലവ് വാടക, കരം, നികുതി എന്നീ ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ 05(2) വൈദ്യുതി ചെലവ് എന്ന കണക്കിനത്തിൽ 21 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന കണക്കിനത്തിൽ 10 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24—സാധന സാമഗ്രികൾ

വിഹിതം-ഇല്ല

141. മൃഗശാലയിലെ മൃഗങ്ങൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ, ഭക്ഷണം നൽകുന്നതിനു വേണ്ട പാത്രങ്ങൾ എന്നിവയ്ക്കായി ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-93—മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയുംആധുനികവൽക്കരണവും മ്യൂസിയം കാമ്പസിന്റെ വികസനവും

വിഹിതം -9 കോടി രൂപ (പദ്ധതി)

142. മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും ആധുനികവൽക്കരണത്തിനായും നവീക രണത്തിനായും മ്യൂസിയം കാമ്പസിന്റെ വികസനത്തിനായും അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.96 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

വിഹിതം -3.50 കോടി രൂപ (പദ്ധതി)

143. കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പുതിയതായി സ്ഥാപിക്കുന്ന എ.കെ.ജി സ്മൃതി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 15.03 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-89—ശ്രീ ചിത്ര ആർട്ട് ഗ്യാലറി

വിഹിതം-1 കോടി രൂപ (പദ്ധതി)

144. മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പുതിയതായി സ്ഥാപിച്ച രാജാരവിവർമ്മ ആർട്ട് ഗ്യാലറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-30—'മഴമിഴി' നവമാധ്യമ കലാപരിപാടികൾ

വിഹിതം -50 ലക്ഷം രൂപ (പദ്ധതി)

145. നാടൻ കലകൾ അവതരണ കലകൾ എന്നിവയുടെ അവതരണത്തിനും പ്രദർശനത്തിനും ഓൺലൈനായും ഓഫ്‌ലൈനായും പ്ലാറ്റ്ഫോമുകൾ ലഭ്യമാക്കുന്ന പദ്ധതിക്ക് ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-29—സമം - ലിംഗസമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം

വിഹിതം-75 ലക്ഷം രൂപ (പദ്ധതി)

146. 'സമം' എന്ന പദ്ധതിക്ക് സാംസ്കാരിക വകുപ്പിന്റെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-106-95—കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കൽ

വിഹിതം -20 ലക്ഷം രൂപ (പദ്ധതി)

147. മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ മൃഗങ്ങൾ പുത്തൂർ മൃഗശാലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്ന മുറയ്ക്ക് ഒഴിവ് വരുന്ന സ്ഥലത്ത് പുതുതായി കേരള സംസ്ഥാന മ്യൂസിയം സ്ഥാപിക്കുന്നതിന് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

വിഹിതം -21 കോടി രൂപ (പദ്ധതി)

148. കെ.എസ്.എഫ്.ഡി.സി-യുടെ കീഴിലുള്ള വിവിധ തീയേറ്ററുകളുടെ ആധുനിക വത്ക്കരണം/ അപ്‌ഗ്രേഡേഷൻ, കേന്ദ്രീകൃത ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ, സി-സ്പേസ് ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിന്റെ പ്രവർത്തനവും പരിപാലനവും, ജീവനക്കാരുടെ പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50.10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോം സ്റ്റേ)/ കലാ ഗ്രാമം

വിഹിതം -10 ലക്ഷം രൂപ (പദ്ധതി)

149. ആലപ്പുഴ ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിനായി കണ്ടെത്തിയ ഭൂമിയിൽ സമുച്ചയത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന അഭയകേന്ദ്രത്തിന്റെ നിർമ്മാണ ചെലവിലേയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-83 —ഫ്രീഡം മെമ്മോറിയൽ പാർക്ക്

വിഹിതം -12 ലക്ഷം രൂപ (പദ്ധതി)

150. ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷികത്തിന്റെ സ്മരണയ്ക്കായി ആസാദി കാ അമൃത് മഹോത്സവ് എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തൽ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-80—ദക്ഷിണമേഖല സാംസ്കാരിക കേന്ദ്രം, പിണറായി

വിഹിതം -50 ലക്ഷം രൂപ (പദ്ധതി)

151. പിണറായിയിൽ സ്ഥാപിക്കുന്ന പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിലൂടെ സാംസ്കാരിക വിനിമയ പ്രാദേശിക പ്രകടന കലകൾ, കരകൗശല കലകളെ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കായിക യുവജനകാര്യ വകുപ്പ്**

2204-00-001-99—കായികയുവജനകാര്യ ഡയറക്ടറേറ്റ്

04-01 -യാത്രാ ചെലവുകൾ - യാത്രാബത്ത

വിഹിതം -3.37 ലക്ഷം രൂപ (പദ്ധതിയേതരം)

152. യാത്രാ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-101-94—സ്പോർട്സ് സ്കൂളുകളിലെയും ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായം

വിഹിതം -6 ലക്ഷം രൂപ (പദ്ധതിയേതരം)

153. സ്പോർട്സ് സ്കൂളുകളിലെയും സ്പോർട്സ് ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98—യൂത്ത് വെൽഫയർ ബോർഡ്

വിഹിതം -37.19 ലക്ഷം രൂപ (പദ്ധതിയേതരം)

-17 കോടി രൂപ (പദ്ധതി)

154. സഹായധനം-ശമ്പളം എന്നശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.42 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

വിഹിതം -1 കോടി രൂപ (പദ്ധതി)

-92.09 ലക്ഷം രൂപ (പദ്ധതിയേതരം)

155. കേരള സംസ്ഥാന യൂത്ത് കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, കമ്മീഷൻ അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, ടെർമിനൽ സറണ്ടർ തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ല. കമ്മീഷൻ ചെയർപേഴ്സൻ/ സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെ വാടക, ഓഫീസിലെ ദൈനംദിന ചെലവ്, വൈദ്യുത ചാർജ്, കംമ്പ്യൂട്ടർ പ്രിന്റർ എന്നിവയുടെ സർവ്വീസ്, കമ്മീഷൻ മീറ്റിംഗ് എന്നിവയുടെ ചെലവുകൾക്കും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 31 – സഹായധനം -ശമ്പളം എന്നതിൽ നോൺ-പ്ലാൻ ഇനത്തിൽ 51.63 ലക്ഷം രൂപയും 36 – സഹായധനം - ശമ്പളേതരം എന്ന കണക്കിനത്തിൽ പദ്ധതിയിനത്തിൽ 1.0009 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 29.12 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

വിഹിതം-39 കോടി രൂപ (പദ്ധതി)

-16.8858 കോടി രൂപ (പദ്ധതിയേതരം)

156. സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കൽ, കായിക ഉപകരണങ്ങൾ, ഓപ്പറേഷൻ ഒളിമ്പ്യ, ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ഗ്രാൻ്, ജീവനക്കാർക്ക് പുതുക്കിയ ഡി.എ. ഡി.എ. കുടിശ്ശിക, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിന് കീഴിലെ 31 – സഹായധനം - ശമ്പളം എന്ന കണക്കിനത്തിൽ 7 കോടി രൂപ നോൺപ്ലാൻ ഇനത്തിലും 36 – സഹായധനം - ശമ്പളേതരം എന്ന കണക്കിനത്തിൽ പ്ലാനിനത്തിൽ 23.85 കോടി രൂപയും നോൺപ്ലാൻ ഇനത്തിൽ 13 കോടി രൂപയും ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-91—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദവിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1 -ഓഫീസ് ചെലവുകൾ- വെള്ളക്കരം

വിഹിതം -7.17 ലക്ഷം രൂപ (പദ്ധതിയേതരം)

157. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 71.21 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-89—സിവിൽ സർവ്വീസസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

വിഹിതം -11.43 ലക്ഷം രൂപ (പദ്ധതിയേതരം)

158. കിറ്റ്, ഡയറ്റ് അലവൻസ്, കാഷ് അവാർഡ് തുക എന്നിവ വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഇനങ്ങൾ സംസ്ഥാന മീറ്റിൽ ഉൾപ്പെടുത്തിയതിനാലും ബഡ്ജറ്റിലെ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-102-95—സ്പോർട്സ് എഞ്ചിനീയറിംഗ്

വിഹിതം-60 ലക്ഷം രൂപ (പദ്ധതി)

159. പ്ലാൻ ഫണ്ട് 50% വെട്ടിക്കുറച്ചതിനാൽ ബില്ലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിൽ അധിക തുക ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ

വിഹിതം -12.80 കോടി രൂപ (പദ്ധതി)

160. പദ്ധതി വിഹിതം 50% വെട്ടിക്കുറച്ചതിനാൽ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കേണ്ടതിനാൽ പദ്ധതിയിനത്തിൽ 7.20 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-102-83—ഗ്രാമീണ കളിസ്ഥലം

വിഹിതം -18 കോടി രൂപ (പദ്ധതി)

161. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 124 കളിക്കളങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 44 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI

**സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

| | | |
|---|---|---|
| വോട്ടു ചെയ്തത് | : | 15716.4721 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | : | 1000 രൂപ |

2235-02-101-99—ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ

34-3 -മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം -10.50 ലക്ഷം രൂപ (പദ്ധതിയേതരം)

162. മുൻ വർഷങ്ങളിലെ കുടിശ്ശികകൾ ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 79.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-93—മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽസ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ

വിഹിതം -9 കോടി രൂപ (പദ്ധതി)

163. സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ആന്റ് ഹോസ്റ്റൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈയിനത്തിൽ 5.85 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2025 ഫെബ്രുവരി, 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.